# സഹിതം മെന്ററിങ് പോർട്ടൽ

## യൂസർ ഗൈഡ്

sahitham.kite.kerala.gov.in എന്നതാണ് സഹിതം മെന്ററിങ് പോർട്ടലിന്റെ വെബ് അഡ്രസ്





'സഹിത'ത്തിൽ നിലവിൽ ചുവടെ ചേർത്തിരിക്കുന്ന രണ്ടുതരം ലോഗിനുകളുണ്ട്.


- അധ്യാപകർക്കുള്ള ലോഗിൻ (മെന്റർ ലോഗിൻ)
- HM ലോഗിൻ (സമ്പൂർണ ലോഗിൻ)

**1. അധ്യാപിക /അധ്യാപകൻ (Mentor) രജിസ്റ്റർ ചെയ്യുന്ന (Sign Up)വിധം**


- പോർട്ടലിൽ Login ഭാഗത്തുള്ള Sign Up ലിങ്കിൽ ക്ലിക്ക് ചെയ്യുക.




- Sign Up ജാലകത്തിൽ Teacher Type എന്ന ഭാഗത്ത് Permanent, Guest എന്നീ രണ്ട് ഓപ്ഷനുകൾ കാണാം.




- നിലവിൽ PEN ഉള്ള അധ്യാപകർ Permanent ഓപ്ഷനിൽ അവരവരുടെ PEN ഉം Date of Birth ഉം നല്കി Next ബട്ടൺ ക്ലിക്ക് ചെയ്യുക




- തുടർന്നു വരുന്ന ജാലകത്തിൽ പേരും , യൂസർ നെയിം ആയി PEN ഉം ദൃശ്യമാകും.





ഈ ജാലകത്തിൽ തന്നെ Password,District,School എന്നിവ നൽകി (*സ്കൂൾകോഡ് നൽകിയാൽ വളരെ വേഗത്തിൽ ആ സ്കൂൾ ലഭിക്കുന്നതാണ്*) Submit ബട്ടൺ ക്ലിക്ക് ചെയ്യുന്നതോടുകൂടി Sign Up പൂർത്തിയാകും. ഈ Username ഉം Password ഉം ഉപയോഗിച്ച് സഹിതം മെന്ററിങ് പോർട്ടലിൽ ലോഗിൻ ചെയ്യാൻ കഴിയും.

- PEN ഇല്ലാത്ത അധ്യാപകർ Teacher Type ൽ Guest സെലക്ട് ചെയ്ത് Next ബട്ടൺ ക്ലിക്ക് ചെയ്യുക.




- തുടർന്ന് Sign Up ജാലകത്തിലെ വിവരങ്ങൾ രേഖപ്പെടുത്തി സബ്മിറ്റ് ചെയ്യുക





ഈ Username ഉം Password ഉം ഉപയോഗിച്ച് സഹിതം മെന്ററിങ് പോർട്ടലിൽ ലോഗിൻ ചെയ്യാൻ കഴിയും.

**2. പ്രഥമാധ്യാപകരുടെ ലോഗിൻ (സ്കൂൾ ലോഗിൻ)**


- സമ്പൂർണയുടെ യൂസർനെയിമും പാസ്‌വേഡും ഉപയോഗിച്ച് പ്രഥമാധ്യാപകർക്ക് സഹിതം പോർട്ടലിൽ ലോഗിൻ ചെയ്യാവുന്നതാണ്. ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുന്നതിനു മുമ്പ് Sampoorna Login എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ആക്ടീവ് ആക്കേണ്ടതാണ്.



തുടർന്നു ലഭിക്കുന്ന Dashboard ൽ **MENTOR MENTEE MAPPING, MANAGE USERS, STUDENTS, MONITOR** എന്നീ ലിങ്കുകൾ കാണാം.





- **MENTOR MENTEE MAPPING** എന്ന ലിങ്കിൽ **Teacher List, Mentor, Mentees, Student List** എന്നീ പാനലുകൾ കാണാം.





- **Teacher List** എന്ന പാനലിൽ നിലവിൽ സമ്പൂർണയിൽ രജിസ്റ്റർ ചെയ്ത അധ്യാപകരുടെയും Guest ആയി രജിസ്റ്റർ ചെയ്ത അധ്യാപകരുടെയും ലിസ്റ്റ് കാണാം.

- ഇതിൽ പ്രഥമാധ്യാപകരുടെ അപ്രൂവൽ ലഭിച്ച അധ്യാപകരുടെ പേരുകൾ പച്ച നിറത്തിൽ ടിക് അടയാളത്തോടുകൂടിയും , Sign Up ചെയ്തിട്ടില്ലാത്ത അധ്യാപകരുടെ പേരുകൾ ചുവന്ന നിറത്തിലും കാണാം . സഹിതം മെന്ററിങ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത അധ്യാപകരെ പ്രഥമാധ്യാപകൻ /പ്രഥമാധ്യാപിക അപ്രൂവ് ചെയ്ത് അവരെ മെന്റർ മാരായി നിയോഗിക്കാവുന്നതാണ്.

- പച്ചനിറത്തിൽ അധ്യാപകരുടെ പേരുകൾ കാണിക്കുന്നന്നതിന് നേരെ ഉള്ള Gear Wheel ചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് **MENTOR MENTEE MAPPING** ചെയ്യാവുന്നതാണ്.




- **MANAGE MENTORS** എന്ന ലിങ്കിൽ ക്ലിക്കു ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ HM Approve ചെയ്ത അധ്യാപകരുടെ നേരെ Approved എന്ന് കാണാനാകും. കൂടാതെ രജിസ്റ്റർ ചെയ്ത അധ്യാപകരെ ഡീ ആക്റ്റിവേറ്റ് ചെയ്യുന്നതിനും (Block Login), പാസ് വേഡ് റീ സെറ്റ്(Reset Password) ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളും ഈ പേജിൽ ലഭ്യമാണ്.


SAHITHAM — Welcome School Admin

Manage Users — Anchal G. L. P. S


Mentor List | Transfer 0 | Rejected List

| # | Name of Teacher | Teacher Type | PEN | Username | Mobile No. | Status | Actions | |
|---|---|---|---|---|---|---|---|---|
| 1 | ASHA A U | Permanent | 496892 | 496892 | 8129808030 | Approved | Block Login | Reset Password |
| 2 | KEERTHANA SURESH | Guest | | keerthana123!@# | 7356574211 | Approved | Block Login | Reset Password |
| 3 | ANJU PS | Guest | | anjups | 8138059211 | Approved | Block Login | Reset Password |
| 4 | ANNA ROSE | Guest | | annarose | 9947927632 | Approved | Block Login | Reset Password |
| 5 | ANJANA SURESH | Guest | | anjuups | 1234567890 | Approved | Block Login | Reset Password |
| 6 | ATHIRA ANNA | Guest | | athanna | 9988776655 | Approved | Block Login | Reset Password |
| 7 | MAYA DEVI | Guest | | mayadevi | 8978754234 | Approved | Block Login | Reset Password |
| 8 | KRISHNA KUMAR V | Permanent | 787830 | 787830 | 9633142398 | Approved | Block Login | Reset Password |


- ഈ പേജിൽ കാണുന്ന Transfer എന്ന ലിങ്കിൽ അധ്യാപകരെ മറ്റു സ്കൂളുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും ട്രാൻസ്ഫർ ആയി വരുന്ന അധ്യാപകരെ മെന്റർ ലിസ്റ്റിലേക്ക് ഉൾപ്പെടുത്തുന്നതിനുമുള്ള സൗകര്യം ഉണ്ട്.

### 3. മെന്ററുടെ ലോഗിൻ

- മെന്ററായി നിയോഗിക്കപ്പെട്ട അധ്യാപകർക്ക് അവരവരുടെ യൂസർ നെയിം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് Class സെലക്ട് ചെയ്യുമ്പോൾ തങ്ങൾക്ക് നിയോഗിക്കപ്പെട്ട കുട്ടികളുടെ പട്ടിക ഇടതുവശത്തായി കാണാം.





- കുട്ടിയുടെ പേരിനു തൊട്ടുതാഴെയുള്ള എഡിറ്റ് ബട്ടൺ ക്ലിക്ക് ചെയ്ത് പ്രൊഫൈൽ ജാലകത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. വിവരങ്ങൾ രേഖപ്പെടുത്തിയ ശേഷം Save ചെയ്യേണ്ടതാണ്.



**കുട്ടിയുടെ പ്രൊഫൈലിൽ സൂചകങ്ങൾ ചേർക്കുന്നവിധം**

സൂചകങ്ങൾ ചേർക്കേണ്ട കുട്ടിയുടെ പേരിൽ ക്ലിക്ക് ചെയ്യുമ്പോൾ വരുന്ന ജാലകമാണ് താഴെ കൊടുത്തിരിക്കുന്നത്.





- ഒരു കുട്ടിയുടെ **'സാമൂഹികഗുണങ്ങൾ'** എന്ന മേഖലയിലെ സൂചകങ്ങൾ ചേർക്കുന്നതിനുവേണ്ടി അതിനു താഴെയുള്ള '+' ചിഹ്നത്തിൽ ക്ലിക്ക് ചെയ്യുക.
- സാമൂഹികഗുണങ്ങളുമായി ബന്ധപ്പെട്ട മേഖല അടിസ്ഥാനമാക്കിയുള്ള ഗുണാത്മകസൂചകങ്ങളെ (Qualitative Indicators) Level 1, Level 2, Level 3 എന്നീ 3 നിലവാരങ്ങളിൽ ക്രമീകരിച്ചിരിക്കുന്നതായി കാണാം.



| ഭാഷാശേഷി 0/4 | English 0/4 | ഗണിതശേഷി 0/5 | സാമൂഹികാവബോധം 0/2 | ശാസ്ത്രാഭിമുഖ്യം 0/2 | സാമൂഹിക ഗുണങ്ങൾ 0/10 |
|---|---|---|---|---|---|

| Skills | Level 1 | Level 2 | Level 3 |
|---|---|---|---|
| **മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കുക.** | ○ ഏതു സന്ദർഭത്തിലും മറ്റുള്ളവരുടെ വികാരങ്ങൾ മാനിച്ച് പ്രവർത്തിക്കാനാകുന്നുണ്ട്. | ○ ചില സന്ദർഭങ്ങളിൽ മറ്റുള്ളവരുടെ വികാരങ്ങൾ മാനിച്ച് പ്രവർത്തിക്കാനാകുന്നുണ്ട് | ○ മറ്റുള്ളവരുടെ വികാരങ്ങൾ മാനിച്ച് പ്രശ്നങ്ങളിൽ ഇടപെടുന്നതിന് വ്യക്തിപരമായ പിന്തുണ നല്കേണ്ടതുണ്ട്. |
| **നമ്മുടെ ഊഴത്തിനായി കാത്തുനില്ക്കുക.** | ○ എല്ലായിപ്പോഴും തന്റെ ഊഴത്തിനായി കാത്തു നില്ക്കുന്നു. | ○ ചില സന്ദർഭങ്ങളിൽ തന്റെ ഊഴത്തിനായി കാത്തു നില്ക്കുന്നുണ്ട്. | ○ തന്റെ ഊഴത്തിനായി കാത്തു നില്ക്കാനുള്ള ക്ഷമ പ്രകടിപ്പിക്കാൻ വ്യക്തിപരമായ സഹായം ആവശ്യമുണ്ട് |
| **ആശയവിനിമയത്തിന് മുൻകൈയെടുക്കുക.** | ○ ആവശ്യാനുസരണം ആശയ വിനി മയത്തിന് മുൻകൈയെടുക്കാൻ സാധിക്കുന്നുണ്ട് . | ○ ചില സന്ദർഭങ്ങളിൽ അവശ്യം വേണ്ട ആശയവിനിമയത്തിന് മുൻകൈയെടുക്കുന്നുണ്ട് . | ○ ആശയവിനിമയത്തിന് മുൻകൈയെടുക്കു ന്നതിന് മറ്റുള്ളവരുടെ സഹായം വേണ്ടതുണ്ട്. |
| **മറ്റുള്ളവരെ കേൾക്കുക** | ○ ഒരാൾ പറയുന്നത് നന്നായി ശ്രദ്ധയോടെ കേൾക്കാനാകുന്നുണ്ട്. അത് പറയുന്ന ആൾക്ക് ബോദ്ധ്യപ്പെടുന്നുമുണ്ട്. | ○ മറ്റുള്ളവരെ കേൾക്കുന്നുണ്ട്. എന്നാൽ അത് പറയുന്ന ആൾക്ക് ബോദ്ധ്യപ്പെടണമെന്നില്ല | ○ മറ്റുള്ളവരെ ശ്രദ്ധിച്ചു കേൾക്കാൻ സഹായം ആവശ്യമുണ്ട്. |


- കുട്ടിയുടെ ഓരോ മേഖലയിലെയും നിലവാരം സൂചിപ്പിക്കുന്ന സൂചകങ്ങളിൽ അനുയോജ്യമായത് ക്ലിക്ക് ചെയ്ത് തിരഞ്ഞെടുക്കാവുന്നതാണ്. ഇങ്ങനെ തിരഞ്ഞെടുക്കുന്ന സൂചകങ്ങളുടെ പശ്ചാത്തല നിറം മാറുന്നതായി കാണാം.



| ഭാഷാശേഷി | English | ഗണിതശേഷി | സാമൂഹികാവബോധം | ശാസ്ത്രാഭിമുഖ്യം | സാമൂഹിക ഗുണങ്ങൾ |
|---|---|---|---|---|---|
| 0/4 | 0/4 | 0/5 | 0/2 | 0/2 | 0/10 |

| Skills | Level 1 | Level 2 | Level 3 |
|---|---|---|---|
| മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കുക. | ഏതു സന്ദർഭത്തിലും മറ്റുള്ളവരുടെ വികാരങ്ങൾ മാനിച്ച് പ്രവർത്തിക്കാനാകുന്നുണ്ട്. | ചില സന്ദർഭങ്ങളിൽ മറ്റുള്ളവരുടെ വികാരങ്ങൾ മാനിച്ച് പ്രവർത്തിക്കാനാകുന്നുണ്ട് | മറ്റുള്ളവരുടെ വികാരങ്ങൾ മാനിച്ച് പ്രശ്നങ്ങളിൽ ഇടപെടുന്നതിന് വ്യക്തിപരമായ പിന്തുണ നല്കേണ്ടതുണ്ട്. |
| നമ്മുടെ ഊഴത്തിനായി കാത്തുനില്ക്കുക. | എല്ലായിപ്പോഴും തന്റെ ഊഴത്തിനായി കാത്തു നില്ക്കുന്നു. | ചില സന്ദർഭങ്ങളിൽ തന്റെ ഊഴത്തിനായി കാത്തു നില്ക്കുന്നുണ്ട്. | തന്റെ ഊഴത്തിനായി കാത്തു നില്ക്കാനുള്ള ക്ഷമ പ്രകടിപ്പിക്കാൻ വ്യക്തിപരമായ സഹായം ആവശ്യമുണ്ട് |
| ആശയവിനിമയത്തിന് മുൻകൈയ്യെടുക്കുക. | ആവശ്യാനുസരണം ആശയ വിനി മയത്തിന് മുൻകൈയ്യെടുക്കാൻ സാധിക്കുന്നുണ്ട് . | ചില സന്ദർഭങ്ങളിൽ അവശ്യം വേണ്ട ആശയവിനിമയത്തിന് മുൻകൈയ്യെടുക്കുന്നുണ്ട് . | ആശയവിനിമയത്തിന് മുൻകൈയ്യെടുക്കു ന്നതിന് മറ്റുള്ളവരുടെ സഹായം വേണ്ടതുണ്ട്. |
| മറ്റുള്ളവരെ കേൾക്കുക | ഒരാൾ പറയുന്നത് നന്നായി ശ്രദ്ധയോടെ കേൾക്കാനാകുന്നുണ്ട്. അത് പറയുന്ന ആൾക്ക് ബോദ്ധ്യപ്പെടുന്നുമുണ്ട്. | മറ്റുള്ളവരെ കേൾക്കുന്നുണ്ട്. എന്നാൽ അത് പറയുന്ന ആൾക്ക് ബോദ്ധ്യപ്പെടണമെന്നില്ല | മറ്റുള്ളവരെ ശ്രദ്ധിച്ചു കേൾക്കാൻ സഹായം ആവശ്യമുണ്ട്. |

- കുട്ടിയെക്കുറിച്ചുള്ള നിരീക്ഷണങ്ങളും നിഗമനങ്ങളും ചുവടെ ചേർത്തിരിക്കുന്ന "Mentor Review Comments” എന്ന കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്.




- രേഖപ്പെടുത്തലുകൾ പൂർത്തിയാക്കി Save ചെയ്യണം

- കുട്ടിയുടെ എല്ലാ വിഷയങ്ങളിലെയും പ്രകടനങ്ങൾക്ക് അനുയോജ്യമായ സൂചകങ്ങൾ തിരഞ്ഞെടുത്ത് Save ചെയ്യാവുന്നതാണ്. ഉദാഹരണമായി നാലാംതരത്തിലെ സാമൂഹിക അവബോധം എന്ന മേഖലയിൽ അധ്യാപിക അനുയോജ്യമായ സൂചകങ്ങൾ ചേർത്ത ജാലകം ചുവടെ കാണാം.




- ഇത്തരത്തിൽ തിരഞ്ഞെടുത്ത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ രൂപപ്പെട്ട കുട്ടിയുടെ പ്രൊഫൈൽ കുട്ടിയുടെ പേരിൽ ക്ലിക്ക് ചെയ്തോ കുട്ടിയുടെ പേരിനു താഴെയുള്ള **Student Digital Profile** ലിങ്കിൽ ക്ലിക്ക് ചെയ്തോ കാണാവുന്നതാണ്.

സഹാധ്യാപകരുമായുള്ള ചർച്ചകൾ എസ്.ആർ.ജി മീറ്റിംഗിലെ ചർച്ച, കുട്ടിയുടെ പ്രവർത്തനങ്ങളിൽ നിരന്തര നിരീക്ഷണം തുടങ്ങിയവയിലൂടെ പോർട്ടലിൽ കുട്ടിയുടെ പ്രൊഫൈൽ നിരന്തരം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

**4. സ്റ്റുഡന്റ് ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട്.**

- അധ്യാപികയുടെ ലോഗിനിൽ Class സെലക്ട് ചെയ്യുക.
- തുറന്നു വരുന്ന ജാലകത്തിൽ കുട്ടിയുടെ പേരിൽ ക്ലിക്കു ചെയ്താൽ കുട്ടിയുടെ ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട് കാണാം.
- സ്റ്റുഡന്റ് ഡിജിറ്റൽ പ്രൊഫൈൽ റിപ്പോർട്ട് Print എടുക്കണമെങ്കിൽ Print എന്ന Icon-ൽ ക്ലിക്ക് ചെയ്യാം. പ്രിന്റ് ചെയ്യുകയോ PDF ഫയലായി Save ചെയ്യുകയോ ചെയ്യാം. ഇത്തരത്തിൽ ഓരോ വിദ്യാർഥിയുടെയും digital profile report എടുക്കാവുന്നതാണ്.

